**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 133** **19-01-2021 - ൽ മറുപടിയ്ക്ക്**

**ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാല**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. സ്വരാജ്,<br>ശ്രീ . എം . മുകേഷ് ,<br>ശ്രീമതി യു. പ്രതിഭ ,<br>ശ്രീ. പുരുഷൻ കടലുണ്ടി | | Dr.K.T.Jaleel<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണമേന്മയും പ്രാപ്യതയും വർദ്ധിപ്പിക്കാനായി നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ; | (എ) | സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഗുണമേന്മയും പ്രാപ്യതയും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതിനായി കരിക്കുലവും സിലബസും പഠനവസ്തുക്കളും തയ്യാറാക്കുന്നതിനും ഉന്നത വിദ്യാഭ്യാസത്തിന്റെ പ്രാപ്യത കൂടുതൽ വിദ്യാർത്ഥികളിലേക്കെത്തിക്കുന്നതിനുമാണ് ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ലക്ഷ്യമിടുന്നത്. വിദൂര വിദ്യാഭ്യാസ മാതൃകയിൽ വിവിധ കോഴ്സുകൾ ആരംഭിക്കുന്ന തിനുള്ള തയ്യാറെടുപ്പുകൾ നടന്നു വരുന്നു. കൂടാതെ ഗുണമേന്മ വർദ്ധിപ്പിക്കുന്ന തിനായി എല്ലാ സർവ്വകലാശാലകളിലെയും ബിരുദ-ബിരുദാനന്തര കോഴ്സുകളുടെ ബോർഡുകളിലെ അംഗങ്ങൾക്ക് സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യ ത്തിൽ ഫലപ്രാപ്തിയിലൂന്നിയ വിദ്യാഭ്യാസ മാതൃകയിൽ (Outcome based education) പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ കരിക്കുലവും സിലബസും പരിഷ്ക്കരിക്കുന്ന നടപടികൾ അവസാനഘട്ടത്തിലുമാണ്. |
| (ബി) | ജീവിതസാഹചര്യം കൊണ്ട് റഗുലർ വിദ്യാഭ്യാസം അസാധ്യമായവർക്കും പ്രായഭേദമെന്യേ നൈപുണിശേഷി കൈവരിക്കാനാഗ്രഹിക്കുന്നവർക്കും അതിനുള്ള അവസരം ആധുനികസാങ്കേതികവിദ്യയുടെ കൂടി സഹായത്തോടെ ഒരുക്കുന്നതിനായി ആരംഭിച്ചിട്ടുള്ള ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാലയെക്കുറിച്ച് വിശദമാക്കാമോ; | (ബി) | സമൂഹത്തിന്റെ നാനാതുറയിലുള്ള പൊതുജന ങ്ങൾക്കും വിദ്യാർത്ഥികൾക്കും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ വിദൂരമാർഗ്ഗത്തിലും നേരിട്ടും തൊഴിലധിഷ്ഠിത നൈപുണ്യ കോഴ്സുകളും ഉന്നത വിദ്യഭ്യാസവും ഗുണപ്രാപ്തിയിലധിഷ്ഠിതമായി നൽകുന്നതി നുള്ള പ്രവർത്തനങ്ങളാണ് ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാല ഏറ്റെടുത്തിട്ടു ള്ളത്. ബിരുദ-ബിരുദാനന്തര കോഴ്സുകൾ സിംഗിൾ മേജർ, ഡബിൾ മേജർ, ട്രിപ്പിൾ മേജർ |

| | | | |
|---|---|---|---|
| | | | രീതിയിൽ നൽകുന്നതിന് വേണ്ടിയുള്ള കരിക്കുലം തയ്യാറാക്കാനുള്ള പ്രവർത്തന ങ്ങൾ നടന്നു വരുന്നു. റഗുലർ വിദ്യാഭ്യാസം അസാധ്യമായവർക്കും വീട്ടമ്മമാർ ഉൾപ്പെടെ വിവിധ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന വർക്കും പ്രയോജനപ്രദമായ രീതിയിലാണ് കോഴ്സുകൾ നടത്താനുദ്ദേശിക്കുന്നത്. |
| (സി) | പരമ്പരാഗത കോഴ്സുകൾക്ക് പുറമേ ഹ്രസ്വകാല, തൊഴിലധിഷ്ഠിത കോഴ്സുകൾ കൂടി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | പ്രസ്തുത സർവ്വകലാശാല ആരംഭിക്കുന്നതിനോടൊപ്പം മറ്റ സർവ്വകലാശാലകൾ പ്രൈവറ്റ് രജിസ്ട്രേഷൻ നിർത്തലാക്കുന്നത് സംബന്ധിച്ച് ചില കോണുകളിൽ നിന്നുയർത്തുന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ? | (ഡി) | ഉണ്ട്. മറ്റ് യൂണിവേഴ്സിറ്റികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടു കൂടി കൂടുതൽ മേഖലകളിലെ കോഴ്സുകൾ ഗുണനിലവാരം ഉറപ്പുവരുത്തി വിദൂര വിദ്യാഭ്യാസം മുഖേന ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി വഴി പൂർണ്ണമായും ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ